പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:670 — 29.06.2011- ലെ മറുപടി

<u>തിരുവമ്പാടി കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്റർ</u>

<u>ചോദ്യം</u> — <u>ഉത്തരം</u>

ശ്രീ.സി.മോയിൻകുട്ടി

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | തിരുവമ്പാടി കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്ററിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ എന്തൊക്കെ ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നു വെന്ന് വ്യക്തമാക്കുമോ; | (എ) | 1. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവമ്പാടി ഗ്രാമപഞ്ചായത്ത് തന്ന പരിമിതമായ സൗകര്യത്തിലാണ് ഇപ്പോൾ ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പഞ്ചായത്ത് 2 ഏക്കർ സ്ഥലം കെ.സ്.ആർ.ടി.സിയ്ക്ക് രജിസ്റ്റർ ചെയ്ത് തരുന്ന മുറയ്ക്ക് വിപുലമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതാണ്.<br><br>2. പുതുതായി നിർമ്മിച്ച തിരുവമ്പാടി ഓപ്പറേറ്റിംഗ് സെന്ററിലെ ഗാരേജിലേക്ക് സാധാരണ പണിയായുധങ്ങൾ, വെൽഡിംഗ് മിഷ്യൻ, കംപ്രസർ എന്നിവ നൽകിയിട്ടുണ്ട്. ഇപ്പോൾ താൽക്കാലിക ഷെഡിൽ പ്രവർത്തിച്ചുവരുന്ന ഗാരേജ് പുതിയ കെട്ടിടം നിർമ്മിച്ച് പ്രവർത്തനം അതിലേയ്ക്ക് മാറ്റുന്ന മുറയ്ക്ക് ആവശ്യമായ പണിയായുധങ്ങളും യന്ത്രസാമഗ്രികളും നൽകുന്നതാണ്.<br><br>3. ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തിക്കുന്ന പഞ്ചായത്ത് അധീനതയിലുള്ള സ്ഥലം കെ.എസ്.ആർ.ടി.സിയ്ക്ക് |

| | | | |
|---|---|---|---|
| | | | കൈമാറിയതിനുശേഷം, കോർപ്പഷേന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് വികസനപ്രവർത്തനങ്ങൾ നടത്തുന്നതാണ്. |
| (ബി) | പ്രസ്തുത സെന്ററിലേയ്ക്ക് ആവശ്യമായ ബസ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ തിരുവമ്പാടി ഓപ്പറേറ്റിംഗ് സെന്ററിൽ 19 ഷെഡ്യൂളുകളും 18 ബസ്സുകളുമാണുള്ളത്. പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ടി ഓപ്പറേറ്റിംഗ് സെന്ററിന് ആവശ്യമായ ബസുകൾ അനുവദിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ